# മീരയും രാധയും കൈകഴുകുന്നതിനെ പറ്റി മനസ്സിലാക്കുന്നു

IndSciCovid

by Indian Scientists Response to Covid

https://indscicov.in/



"അമ്മേ! അമ്മേ!! ബോറടിക്കുന്നു! അടുത്തതായി എന്ത് ചെയ്യാം?" മീര ചോദിച്ചു. മീരയും അനുജത്തി രാധയും സ്കൂളിൽ പോയിട്ട് മൂന്ന് ആഴ്ചയായി. കൂട്ടുക്കാർ ഒത്തു കൂടാനോ , മൈദാനത്തിൽ കളിക്കാനോ, തിയേറ്ററിൽ പോകാനോ, ഷോപ്പിംഗ് ചെയ്യാനോ ഒന്നിനും വഴിയില്ല. അതുകൊണ്ടുതന്നെ സമയം ചെലവാക്കാൻ എന്തെകിലും രസകരമായ പ്രവൃത്തി അന്വേഷിക്കുകയാണ് അവർ.

" മക്കളേ, ഞാൻ ഇപ്പോൾ അടുക്കളയിൽ ലഡ്ഡു ഉണ്ടാക്കുകയാണ്. വേണമെങ്കിൽ സഹായിക്കാൻ വന്നോളു!" മാല പറഞ്ഞു. കുട്ടികളെ വീട്ടിൽവെച്ച് കഴിച്ചുക്കൂട്ടുന്നതിനെ പറ്റി മാലയുടെ കൂട്ടുകാരികൾക്കെല്ലാം ആവലാതിയായിരുന്നു. പക്ഷെ മാലയോ, ജോലിയിൽനിന്നു കുറച്ചുദിവസം മാറിനിന്ന് കുട്ടികളുടെ കൂടെ സമയം ചെലവാക്കുന്നതിൽ രഹസ്യമായി സന്തോഷിക്കുകയായിരുന്നു.

"അമ്മേ, ഞാൻ സഹായിക്കാം!" രാധ ഉത്സുകയായി.
"പക്ഷെ അടുക്കളയിൽ അമ്മയെ സാഹായിക്കാൻ പോകുന്നതിനു മുന്നേ ചെന്ന് കൈ കഴുക് ." മീര ഓർമ്മിപ്പിച്ചു

"എന്റെ കൈകൾ വൃത്തിയാണല്ലോ , ഞാൻ ചളിയിലൊന്നും കളിച്ചിട്ടില്ല." രാധ പരിഭവിച്ചു. ക്രാഫ്റ്റ് പ്രൊജക്റ്റ് ചെയ്തതിന്റെ ബാക്കിയായി പെൺകുട്ടികളുടെ കൈകളിൽ ഗ്ലിറ്ററിന്റെയും പെയിന്റിന്റെയും ശകലങ്ങൾ അവശേഷിക്കുന്നത് മാലയുടെ കണ്ണിൽ പെട്ടു. "നിങ്ങളുടെ കൈകളിൽ പെയിന്റും ഗ്ലിറ്ററുമുണ്ടല്ലോ. നമുക്ക് പെയിന്റടിച്ച ലഡ്ഡു ഏതായാലും വേണ്ട. ചെന്ന് കൈ കഴുകൂ." മാല നിർബന്ധിച്ചു.



കുട്ടികൾ രണ്ടുപേരും കുളിമുറിയിലേക്ക് ചെന്ന്, പെട്ടെന്ന് തിരിച്ചു വന്നു. 'ഇത്ര പെട്ടെന്നോ? രണ്ടുപേർക്കും ഇരുപതു സെക്കന്റുവീതം സമയമായോ?" മാലയോർത്തു.
"അമ്മേ, മീര സോപ്പിട്ടു കഴുകിയില്ല!" രാധയുടെ പരാതി.
"പക്ഷെ ഞാൻ കൈകൾ വൃത്തിയാക്കി. നോക്കൂ അമ്മേ, പെയിന്റും ഗ്ലിറ്ററും ഒന്നുമില്ലല്ലോ?" മീരയുടെ മറുപടി.

മാല സോപ്പുപയോഗിച്ചു കൈകഴുകേണ്ടുന്നതിന്റെ പ്രാധാന്യം പറഞ്ഞു മനസ്സിലാക്കാൻ ഈ അവസരം ഉപയോഗിക്കാൻ തീരുമാനിച്ചു. "നിങ്ങളുടെ കൈകളിൽ ഗ്ലിറ്ററില്ലെന്നു എനിക്ക് കാണാം. പക്ഷെ കൊറോണ വൈറസ് നമ്മുടെ കണ്ണുകൊണ്ടു കാണാൻ കഴിയാത്തത്ര അതിസൂക്ഷ്മമമാണ്. വൈറസ്സുള്ള സ്ഥലങ്ങളിൽ നിങ്ങൾ തൊടുമ്പോൾ, അവ നിങ്ങളുടെ കൈകളിൽ പറ്റിപ്പിടിക്കും. പിന്നീട് നിങ്ങൾ മൂക്കോ മുഖമോ തൊടുമ്പോൾ ഇതുവഴി അവ നിങ്ങളുടെ ശരീരത്തിൽ പ്രവേശിക്കുകയും നിങ്ങൾക്ക് അസുഖമുണ്ടാക്കുകയും ചെയ്യും.സോപ്പ് വൈറസിന്റെ പുറത്തെ ആവരണം നശിപ്പിക്കും. അതുകൊണ്ടു, അച്ഛൻ പറഞ്ഞുതന്ന പോലെ 20 സെക്കന്റുനേരം സോപ്പിട്ടു കൈകഴുകണം." മാല വിശദീകരിച്ചു.

രാധ അടുക്കള പ്ലാറ്റഫോമിന്റെ ഉയരത്തിലെത്താൻ വേണ്ടി തന്റെ കൊച്ചു സ്റ്റൂൾ കൊണ്ടുവന്ന്, അതിന് മുകളിൽ കയറിനിന്നുകൊണ്ടു മാലയെ സഹായായിക്കാൻ തുടങ്ങി. മീര വീണ്ടും കുളിമുറിയിൽ പോയി, ഇപ്പ്രാവശ്യം സോപ്പിട്ടു കൈകഴുകി, അച്ഛന്റെ അടുക്കൽ ചെന്നു. അവർ രണ്ടുപേരും വൈറസ്സിനെയും, സോപ്പുവെള്ളം കൊണ്ട് കൈകഴുകുന്നതിനെയും പറ്റി കാര്യമായ ഒരു സംഭാഷണത്തിൽ ഏർപ്പെട്ടു.



അന്ന് വൈകുന്നേരം, അത്താഴത്തിന് ഒരുങ്ങുമ്പോൾ മീര പുതുതായി നേടിയ അറിവ് അനുജത്തിക്കും പകർന്നുകൊടുക്കാൻ തീരുമാനിച്ചു. "കൈ കഴുകുമ്പോൾ നല്ലവണ്ണം സോപ്പ് പതയ്ക്കണം. 20 സെക്കന്റുകൾക്ക് കൈകൾ തേയ്ച്ചു കഴുകയുകയും വേണം. 20 സെക്കന്റ് എന്ന് വച്ചാൽ ഒരിക്കൽ 'കാക്കേ കാക്കേ കൂടെവിടെ' ചൊല്ലാനെടുക്കുന്ന സമയം. ഇപ്രകാരം കഴുകിയാൽ കൈയിലുള്ള ചളിയും പോകും, വൈറസും നശിക്കും. കഴുകിയശേഷം ഒരു തൂവാല കൊണ്ട് കൈ തുടയ്ക്കണം"

അത്താഴം കഴിക്കുമ്പോൾ ചോദ്യങ്ങളുടെ ഒരു നിരതന്നെ ഉണ്ടായിരുന്നു.

"അച്ഛാ ഓർമ്മയുണ്ടോ, കഴിഞ്ഞ വർഷം വേനലിൽ ആഴ്ചകളോളം പൈപ്പിൽ വെള്ളം വരാത്തത്? എന്നിട്ടു നമ്മൾ വലിയ വീപ്പകളിൽ വെള്ളം ശേഖരിച്ചു വെച്ചില്ലേ? ഈ കൊല്ലവും അതുപോലെ വന്നാലോ? രാധയ്ക്കു സംശയം.



അച്ഛൻ മറുപടി പറഞ്ഞു, "വെള്ളം മിച്ചം പിടിക്കണമെങ്കിൽ രണ്ടു പാത്രങ്ങളിൽ വെള്ളം വയ്ക്കാം. ആദ്യത്തേത് കൈ നനക്കാൻ, പിന്നീട് സോപ്പ് ഉപയോഗിച്ച് നല്ലവണ്ണം പതയിച്ചു, 20 സെക്കന്ററുകൾക്കു കൈകൾ തേയ്ച്ചശേഷം രണ്ടാമത്തെ പാത്രത്തിൽ മുക്കി കഴുകാം. പിന്നെ പതിവുപോലെ തൂവാലകൊണ്ടു കൈ തുടയ്ക്കാം.

"അമ്മേ, സ്കൂളിൽ അജയ് 'ടിപ്പി ടാപ്പ്" എന്നൊരു സംവിധാനത്തെ കുറിച്ച് പറഞ്ഞു. അതിൽനിന്നു പൈപ്പിലേതു പോലെ വെള്ളം വരുമത്രെ. അവരുടെ വീടിന്നടുത്തു ഒരു NGO ആന്റി വന്നു പൊതു പൈപ്പിനടുത്തു സ്ഥാപിച്ചത്രെ. വെള്ളത്തിന് ക്ഷാമം ഉള്ളപ്പോഴും, എല്ലാർക്കും സുരക്ഷിതമായി കൈ കഴുകാൻ ഉപയോഗിക്കാവുന്ന വിലകുറഞ്ഞ ഒരു സംവിധാനം ആണ് ഇതെന്ന് അജയ് പറഞ്ഞു. നമ്മുടെ ബിൽഡിങ്ങിലും അത് പോലെ ഒരെണ്ണം സ്ഥാപിക്കാം." മീര അഭിപ്രായപ്പെട്ടു.

അവർ എപ്പോഴെല്ലാം കൈകഴുകണം എന്നതിനെ കുറിച്ചും ചർച്ച ചെയ്തു. മീരയ്ക്ക് ഒരു യുക്തി തോന്നി. "അടുത്തദിവസം പെയിന്റിംഗ് ചെയ്യുമ്പോൾ 'എപ്പോഴെല്ലാം കൈ കഴുകണം' എന്നതിനെ കുറിച്ച് ഒരു പോസ്റ്റർ തയ്യാറാക്കിയാലോ?" എല്ലാവർക്കും മീരയുടെ ആശയം ഇഷ്ടപ്പെട്ടു. അവർ ഇതിനായി ഒരു ലിസ്റ്റ് തയ്യാറാക്കി.



അവരുടെ ലിസ്റ്റ് ഇതാ..

എപ്പോഴെല്ലാം കൈ കഴുകണം?

- ഭക്ഷണം പാകം ചെയ്യുന്നതിന് മുൻപും ശേഷവും
- ഭക്ഷണം കഴിക്കുന്നതിനു മുൻപ്
- ശൗചാലയത്തിൽ പോകുന്നതിനു മുൻപും ശേഷവും
- തുമ്മൽ, ചുമ, മൂക്ക് ചീറ്റൽ എന്നിവയ്ക്ക് ശേഷം
- മൃഗങ്ങളെയും അവയുടെ ആഹാരം, മാലിന്യങ്ങൾ എന്നിവ തൊട്ടശേഷം
- ചപ്പു ചവറ് അല്ലെങ്കിൽ മാലിന്യങ്ങൾ തൊട്ടശേഷം
- മറ്റുള്ളവർ തൊട്ടിരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ തൊട്ടശേഷം (കോണിപ്പടികളിലും വാതിലുകളിലും മറ്റുമുള്ള കൈപിടികൾ, വാതിൽമണിയുടെയും മറ്റും സ്വിച്ചുകൾ, ഡെലിവറി പാക്കേജുകൾ, പണം, തുടങ്ങിയവ)
- കൈകൾ വൃത്തികേടാകുമ്പോൾ
- എവിടെയെങ്കിലും പുറത്തുപോയിട്ടു തിരിച്ചു വീട്ടിൽ വരുമ്പോൾ

"എല്ലാവര്ക്കും ഉപയോഗപ്രദമാകുന്ന ലിസ്റ്റ് ആണല്ലോ ഇത്" , മാല പറഞ്ഞു. "ഇതിന്റെ ഒരു പടമെടുത്തു കൂട്ടുകാർക്കും, മറ്റുകുടുംബങ്ങൾക്കും അയച്ചുകൊടുക്കാം."

ദൈനംദിന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വിവരങ്ങളെ സന്ദർഭോചിതമായും ലളിതമായും ചിത്രീകരിച്ചിരിക്കുന്നു. ശാസ്ത്രീയ കൃത്യത ഉറപ്പു വരുത്താൻ വെബ്സൈറ്റിലെ അനുബന്ധ രേഖകൾ നോക്കുക.

